"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം പാറശ്ശാല എം.എസ്.സി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2639/2025/GEDN തീയതി,തിരുവനന്തപുരം, 16-04-2025**

---

പരാമർശം:-

1. തിരുവനന്തപുരം പാറശ്ശാല എം.എസ്.സി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 26/07/2024 തീയതിയിലെ റിവിഷൻ ഹർജി.
2. നെയ്യാറ്റിൻകര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 27/12/2024-ലെ AEONTA/1069/2024-C നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/01/2025-ലെ എഫ്1/23800/2024/ഡിജിഇ നമ്പർ കത്ത്.
4. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 06/01/2025-ലെ ഡിഡിഇ/9015/2024-ബി5 നമ്പർ കത്ത്.
5. നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06/01/2025-ലെ DEONTA/2513/2024-B6 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം പാറശ്ശാല എം.എസ്.സി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ 26/07/2024 തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം 08/01/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി മരുതത്തൂർ എം.എസ്.സി.എൽ.പി.എസ്.ൽ എൽ.പി.എസ്.റ്റി. ആയി നിയമിക്കപ്പെട്ട ശ്രീമതി രജുല ആർ.പി.ക്ക് 15/07/2021 മുതൽ 14.7.2022 വരെ ദിവസവേതനത്തിലും 15.7.2022 മുതൽ ശമ്പളസ്കെയിലിലും നിയമനാംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

**2)** സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരന്റെ വാദങ്ങൾ താഴെകൊടുക്കുന്നു.

1. ടി സ്കൂളിലെ എൽ.പി.എസ്.റ്റി. ശ്രീമതി ജെ.ഗീതയെ പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി വലിയവിള എം.എസ്.സി.എൽ.പി.എസ്.ലേക്ക് മാറ്റി നിയമിച്ചതുവഴി ഉണ്ടായ ഒഴിവിലാണ് ശ്രീമതി രജുല ആർ.പി.യെ 15/07/2021 തീയതിയിൽ എൽ.പി.എസ്.റ്റി. ആയി നിയമിച്ചത്.
2. 2019-20 വർഷം മതിയായ എണ്ണം കുട്ടികളില്ല, ഇത്തരം സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം 06/07/2021-ലെ ജി.ഒ.(ആർ.റ്റി)നം.3287/2021 പ്രകാരം നൽകിയിട്ടില്ല, 51ബി സത്യപ്രസ്താവന, സംരക്ഷിത ജീവനക്കാരെ സംബന്ധിച്ച സത്യപ്രസ്താവന, സീനിയർ അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച സത്യപ്രസ്താവന എന്നിവ സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ടി നിയമന പ്രൊപ്പോസൽ ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടറും ജില്ലാ വിദ്യഭ്യാസ ഓഫീസറും പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചു.
3. ടി സ്കൂളിൽ 2019-20-ൽ 69 കുട്ടികളെ ഉണ്ടായിരുന്നുള്ളൂ. തുടർന്നുള്ള വർഷങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചെങ്കിലും 2020-2021, 2021-22 വർഷങ്ങളിൽ 2019-20 വർഷത്തെ തസ്തിക നിർണയം തന്നെ പിൻതുടർന്നു. 2022-23 വർഷത്തെ തസ്തിക നിർണയത്തിൽ കുട്ടികളുടെ എണ്ണം 84 ആയി ഉയർന്നു.
4. ജി.ഒ.(ആർ.റ്റി)നം.3287/2021 തീയതി 06/07/2021 പ്രകാരം, റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകളിൽ 15/07/2021 മുതൽ നിയമനം നടത്തുന്നതിനും, 06/11/2012-ലെ സർക്കുലർ നം.58604/ജെ2/12 പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകുന്നതിനും, 01/08/2016-ലെ സർക്കുലർ നം.631703/ജെ2/16 പ്രകാരം, മതിയായ എണ്ണം കുട്ടികളുണ്ടാകുന്ന മുറയ്ക്ക് ശമ്പളസ്കെയിലിൽ അംഗീകാരം നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച്, ശ്രീമതി രജുലയുടെ നിയമനം 15/07/2021 മുതൽ 14/07/2022 വരെ ദിവസവേതനാടിസ്ഥാനത്തിലും 15/07/2022 മുതൽ ശമ്പളസ്കെയിലിലും അംഗീകരിക്കാവുന്നതാണ്.
5. ശ്രീമതി രജുലയെ നിയമിച്ച തസ്തികയിൽ 51ബി അവകാശികളോ സംരക്ഷിതാദ്ധ്യാപകരോ ഇല്ല. സീനിയോറിറ്റിയ്ക്ക് ക്രമപ്രകാരമുള്ള വ്യവസ്ഥാപിത ഒഴിവുകളിൽ തന്നെയാണ് നിയമനം നൽകിയിട്ടുള്ളത്. 51ബി അവകാശികൾ, സംരക്ഷിത അദ്ധ്യാപകർ എന്നിവരുടെ നിയമനം സംബന്ധിച്ച സത്യപ്രസ്താവന പ്രൊപ്പോസലിനൊപ്പം സമർപ്പിച്ചിട്ടുണ്ട്.

**3)** നിലവിൽ, ശ്രീമതി ഗീതയുടെ എച്ച്.എം. ആയുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചു നൽകിയിട്ടുള്ളതിനാൽ എൽ.പി.എസ്.റ്റി. ഒഴിവ് വ്യവസ്ഥാപിതമാണെന്നും, ശ്രീമതി രജ്ജുലയുടെ എൽ.പി.എസ്.റ്റി. നിയമനം 15/07/2021 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ മാനേജർ സമർപ്പിക്കുന്നപക്ഷം ടിയാൾക്ക് 15/07/2021 മുതൽ 15/07/2022 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകാവുന്നതാണെന്നും, എന്നാൽ ഭിന്നശേഷി സംവരണത്തിന് മാനേജർ എംപ്ലോയ്മെന്റിൽ റോസ്റ്റർ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഭിന്നശേഷി സംവരണ ഒഴിവ് എംപ്ലോയ്മെന്റിൽ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും, അതിനാൽ ഭിന്നശേഷി സംവരണം നടപ്പാക്കി നിയമനം നൽകുന്നതുവരെയും ടിയാൾക്ക് ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനാംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂവെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.

**4)** മേൽ സാഹചര്യത്തിൽ, മരുതത്തൂർ എം.എസ്.സി. എൽ.പി.എസ്.ൽ 2022-23 വർഷം മുതൽ മതിയായ എണ്ണം കുട്ടികളുണ്ടെന്ന് ഉറപ്പുവരുത്തി, എൽ.പി.എസ്.റ്റി. ആയി നിയമിക്കപ്പെട്ട ശ്രീമതി രജ്ജുല ആർ.വി.യുടെ നിയമനം 15/07/2021 മുതൽ 14/07/2022 വരെ 01/08/2016-ലെ സർക്കുലർ നം.631703/ജെ2/16/പൊവിവ പ്രകാരം പുന:പരിശോധിച്ച ശേഷവും, 15/07/2022 മുതലുള്ള നിയമനം ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്കു വിധേയമായും, മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ, ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി തിരുവനന്തപുരം പാറശ്ശാല എം.എസ്.സി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

ശ്രീമതി രജ്ജുല ആർ.പി., എൽ.പി.എസ്.റ്റി., എം.എസ്.സി.എം. എൽ.പി.എസ്., മരുതത്തൂർ, തിരുവനന്തപുരം.
കോർപ്പറേറ്റ് മാനേജർ, എം.എസ്.സി. സ്കൂൾസ്, പാറശ്ശാല, തിരുവനന്തപുരം.
പ്രധാനാദ്ധ്യാപകൻ, എം.എസ്.സി.എം.എൽ.പി.എസ്., മരുതത്തൂർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം,
തിരുവനന്തപുരം.
ഡയറക്ടർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/241/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 16-04-2025 10:56:57

സെക്ഷൻ ഓഫീസർ